**വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : എൻ. പ്രസീന**

വിഷയം : കേരള വനം വകുപ്പ് – ജീവനക്കാര്യം – ഫോറസ്റ്റ് ഡ്രൈവർമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് – സംബന്ധിച്ച്.

സൂചന : 1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ടെ 05-02-2025 തീയതിയിലെ ഇ5-289/2024 നമ്പർ ഉത്തരവ്. (സീനിയോരിറ്റി ലിസ്റ്റ് 01-01-2024 തീയതി പ്രാബല്യം)
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 02-09-2024-ലെ ഇ2-1197/2023 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2-1760 /2025 തീയതി : 04-03-2025**

വനം വകുപ്പിൽ നിലവിൽ 271 ഫോറസ്റ്റ് ഡ്രൈവർ തസ്തികകളാണുള്ളത്. ഫോറസ്റ്റ് ഡ്രൈവർ തസ്തികകളിൽ രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ്, സീനിയർ ഗ്രേഡ് തസ്തികകളുടെ അനുപാതം 1 : 1 : 1 ആയും, സീനിയർ ഗ്രേഡ് തസ്തികകളുടെ 10% സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികകളായും നിജപ്പെടുത്തിയിട്ടുള്ളതാണ്. അപ്രകാരം വനം വകുപ്പിൽ 271 ഫോറസ്റ്റ് ഡ്രൈവർ തസ്തികകൾ കണക്കാക്കി, അതിന്റെ അനുപാതം 91 ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് – II, 90 ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ്- I , 81 സീനിയർ ഗ്രേഡ്, 9 സെലക്ഷൻ ഗ്രേഡ് എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

സൂചന (1) സീനിയോരിറ്റി ലിസ്റ്റിലെ സീനിയർ ഗ്രേഡ് വിഭാഗത്തിൽ ക്രമനമ്പർ (3) ശ്രീ. വി.എസ്. അനിൽ കുമാർ വരെയുള്ളവർക്ക് സൂചന (2) പ്രകാരം സെലക്ഷൻ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവറായി റേഷ്യോ പ്രമോഷൻ അനുവദിച്ചിരുന്നു. തുടർന്ന്, 31-01-2025-ന് ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. അപ്രകാരം സെലക്ഷൻ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. ടി ഒഴിവിൽ ചുവടെപ്പറയുന്ന സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർക്ക് ടിയാന്റെ പേരിന് നേരെ കാണിച്ചിട്ടുള്ള പ്രാബല്യതീയതിയിൽ 41300-87000 രൂപാ

ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവറായി റേഷ്യാ പ്രൊമോഷൻ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | 01-01-2024 തീയതി പ്രാബല്യത്തിലെ സീനിയോരിറ്റി ലിസ്റ്റിലെ സീനിയർ ഗ്രേഡ് വിഭാഗത്തിലെ ക്രമനമ്പർ | പേര് & പെൻ | നിലവിൽ ജോലി നോക്കുന്ന ഓഫീസ് | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 4 | ബിനോയ് മോൻ പി.എസ്. (PEN : 160688) | എസ്.ഐ.പി. കോട്ടയം | 01-02-2025 |

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റം വഴിയും, സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവറായ ശ്രീ. അലൻ ഷോറുഡർ ഡി., ശ്രീ. സോമൻ പി. വി. എന്നിവർ യഥാക്രമം 31-10-2024, 28-02-2025 തീയതികളിൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെത്തുടർന്നും, സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ 3 ഒഴിവ് നിലവിലുണ്ട്. സൂചന (1) സീനിയോരിറ്റി ലിസ്റ്റിലെ ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവർ വിഭാഗത്തിൽ ക്രമനമ്പർ (7) ശ്രീ. റോയ് ആന്റണി വരെയുള്ളവർക്ക് സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവറായി സൂചന (2) പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചിരുന്നു. ടി സാഹചര്യത്തിൽ, മേൽപ്പറഞ്ഞ ഒഴിവുകളിൽ ചുവടെപ്പറയുന്ന ഗ്രേഡ് I ഫോറസ്റ്റ് ഡ്രൈവർമാർക്ക് അവരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള പ്രാബല്യത്തീയതിയിൽ 35600-75400 രൂപാ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ഫോറസ്റ്റ് ഡ്രൈവറായി റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | 01-01-2024 തീയതി പ്രാബല്യത്തിലെ സീനിയോരിറ്റി ലിസ്റ്റിലെ ഗ്രേഡ് I വിഭാഗത്തിലെ ക്രമനമ്പർ | പേര് & പെൻ | നിലവിൽ ജോലി നോക്കുന്ന ഓഫീസ് | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 8 | രവീന്ദ്രൻ കെ.കെ. (PEN : 643831) | ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് കല്പറ്റ | 01-11-2024 |
| 2 | 9 | ബൈജുകുമാർ റ്റി. എ (PEN : 647054) | കാരയ്ക്കാട് ഫോറസ്റ്റ് സ്റ്റേഷൻ, കാലടി റെയിഞ്ച് | 01-02-2025 |
| 3 | 10 | ബിജു പി. ഡി (PEN: 646356) | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്റ്റി), എറണാകുളം | 01-03-2025 |

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റം വഴിയും, ഗ്രേഡ്- I ഫോറസ്റ്റ് ഡ്രൈവറായിരുന്ന റെജികുമാരൻ നായർ എസ്.എസ്. 19-11-2024-ന് മരണപ്പെട്ടതിനെത്തുടർന്നും ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ്- I തസ്തികയിൽ 4 ഒഴിവുകളുണ്ട്. സൂചന (1) സീനിയോരിറ്റി ലിസ്റ്റിലെ ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ്- II വിഭാഗത്തിൽ ക്രമനമ്പർ (14) ശ്രീ. മൈതീൻ യു. എ. വരെയുള്ളവർക്ക് ഫോറസ്റ്റ് ഡ്രൈവർ ഗ്രേഡ് – I ആയി റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ, ടി സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (5) ശ്രീ. സതീഷ് പി.ആർ-ന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതിനാൽ ടിയാന് റേഷ്യോ പ്രൊമോഷൻ അനുവദിച്ചിരുന്നില്ല. നിലവിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, മേൽപ്പറഞ്ഞ നാല് ഗ്രേഡ്- I ഫോറസ്റ്റ് ഡ്രൈവർ

തസ്തികകളിലെ ഒഴിവിലേയ്ക്ക് 31100- 66800 രൂപാ ശമ്പള സ്കെയിലിൽ ചുവടെപ്പറയുന്ന യോഗ്യരായ ഗ്രേഡ്- II ഫോറസ്റ്റ് ഡ്രൈവർമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | 01-01-2024 തീയതി പ്രാബല്യത്തിലെ സീനിയോരിറ്റി ലിസ്റ്റിലെ ഗ്രേഡ്- II വിഭാഗത്തിലെ ക്രമനമ്പർ | പേര് & പെൻ | നിലവിൽ ജോലി നോക്കുന്ന ഓഫീസ് | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 5 | സതീഷ് പി.ആർ. (PEN : 917285) | പുൽപ്പള്ളി ഫോറസ്റ്റ് സ്റ്റേഷൻ ചെതലത്ത് റെയിഞ്ച് | 01-11-2024 |
| 2 | 15 | മുഹമ്മദ് സാദിഖ്. വൈ (PEN : 919014) | പുതൂർ ഫോറസ്റ്റ് സ്റ്റേഷൻ അട്ടപ്പാടി റെയിഞ്ച് | 20-11-2024 |
| 3 | 16 | ജ്യോതി എസ്. എസ്. (PEN :918781) | അട്ടപ്പാടി റെയിഞ്ച് | 01-02-2025 |
| 4 | 17 | സിജു വി. എ. (PEN :919315) | അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) | 01-03-2025 |

Signed by
N Praseena
Date: 04-03-2025 15:26:51
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് : 1. വ്യക്തികൾക്ക് മേലധികാരി മുഖേന നൽകുന്നു.

2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർമാർക്കും/ എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും/ എല്ലാ വൈൽഡ് ലൈഫ് വാർഡൻമാർക്കും/ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ എല്ലാ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ ഡയറക്ടർ, കേരളാ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ, വാളയാർ/ എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ വർക്കിംഗ് പ്ലാൻ ഓഫീസർമാർക്കും അറിവിനായി നൽകുന്നു.

3. വനം വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫോർമേഷൻ ടെക്നോളജി) ക്ക് നൽകുന്നു